# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീരമ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി14)-1552/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 05/02/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീരമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി14)-1552/21 തീയ്യതി: 05/02/2022

## എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-02-2020 മുതൽ 19-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പോളി ടി ഒ,ഓഡിറ്റ് ഓഫീസർ

ശ്രീ ധീരജ് ജെ,ഓഡിറ്റ് ഓഫീസർ

ശ്രീ ഹരീഷ് ബാബു എൻ,അസി.ഓഡിറ്റ് ഓഫീസർ

ശ്രീ അനീഷ് ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ നബീൽ മുഹമ്മദ് അബ്ബാസ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബെന്നി പോൾ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ എ പി ജയന്തകുമാർ | സെക്രട്ടറി | 01-04-2019 | 24-07-2019 |
| ശ്രീ ലിജോ അഗസ്റ്റിൻ | സെക്രട്ടറി | 25-07-2019 | 13-01-2020 |
| ശ്രീ ഷാജു പോൾ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-01-2020 | 23-02-2020 |
| ശ്രീ ലിജോ അഗസ്റ്റിൻ | സെക്രട്ടറി | 24-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഡാർളിമോൾ ചെറിയാൻ | അസി.സെക്രട്ടറി | 01-04-2019 | 15-07-2019 |
| ഒഴിവ് | അസി.സെക്രട്ടറി | 16-07-2019 | 24-07-2019 |
| ശ്രീ ഷാജു പോൾ | അസി.സെക്രട്ടറി | 25-07-2019 | 31-03-2020 |
| ഡോ ലിൻസി നൈനാൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ എം എം ബക്കർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ രേണു എം നായർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ ഷൈജു പി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ ഫിലിപ്പോസ് കെ എം | അസി.എഞ്ചിനിയർ | 01-04-2019 | 31-12-2019 |
| ശ്രീ ദിനേഷ് ടി എം | അസി.എഞ്ചിനിയർ | 01-01-2020 | 31-03-2020 |
| ശ്രീ അബു സി പി | ഹെഡ്മാസ്റ്റർ, ജി എൽ പി എസ് | 01-04-2019 | 31-03-2020 |
| ശ്രീമതി കല്യാണി സജിത് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ ബിനിൽ സി മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നാട്ടുകാണി | 01-04-2019 | 31-03-2020 |
| ശ്രീമതി ജാൻസി പൗലോസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കീരമ്പാറ | 01-04-2019 | 31-03-2020 |
| ശ്രീമതി ജാസ്മിൻ തോമസ് | കൃഷി ഓഫീസർ | 01-04-2019 | 26-06-2019 |
| ശ്രീമതി അഞ്ജു മറിയം എബ്രഹാം | കൃഷി ഓഫീസർ | 27-06-2019 | 18-11-2019 |
| ശ്രീമതി ബെൽസി ബാബു | കൃഷി ഓഫീസർ | 19-11-2019 | 31-03-2020 |

| | | | |
|---|---|---|---|
| കെ | | | |
| ശ്രീമതി സൈനബ സി എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hareesh Babu .N (Asst. Audit Officer, On 24-10-2021)<br>Last Updated By: Raj N.C (Computer Assistant, On 15-01-2022) | 1-1 |
| 2 | വരവ്-ചെലവുകള്‍ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നു<br>Written By: Hareesh Babu .N (Asst. Audit Officer, On 24-10-2021)<br>Last Updated By: Raj N.C (Computer Assistant, On 17-01-2022) | 1-1-1 |
| 3 | ബജറ്റ് ഡോക്കുമെന്റുകള്‍ തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 24-10-2021)<br>Last Updated By: Raj N.C (Computer Assistant, On 17-01-2022) | 1-1-2 |
| 4 | സേവന നിരക്കുകള്‍ വര്‍ദ്ധിപ്പിച്ച് തനത് വരുമാനം ഉയര്‍ത്തുന്നതിനാവശ്യമായ നിര്‍ദ്ദേശം ബജറ്റില്‍ ഉള്‍പ്പെടുത്തുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 24-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-1-3 |
| 5 | വരുമാനവര്‍ദ്ധനവിന് ഉതകുന്ന നിര്‍ദ്ദേശങ്ങള്‍ ബജറ്റില്‍ ഉള്‍പ്പെടുത്തുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 24-10-2021)<br>Last Updated By: Raj N.C (Computer Assistant, On 17-01-2022) | 1-1-4 |
| 6 | വാര്‍ഷിക ധനകാര്യപത്രിക<br>Written By: Hareesh Babu .N (Asst. Audit Officer, On 24-10-2021)<br>Last Updated By: Raj N.C (Computer Assistant, On 17-01-2022) | 1-2 |
| 7 | സാമ്പത്തിക വിശകലനം<br>Written By: Hareesh Babu .N (Asst. Audit Officer, On 24-10-2021)<br>Last Updated By: Raj N.C (Computer Assistant, On 17-01-2022) | 1-3 |
| 8 | ഗ്രാന്റ് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 24-10-2021)<br>Last Updated By: Raj N.C (Computer Assistant, On 17-01-2022) | 1-4 |
| 9 | പദ്ധതി അവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-5 |
| 10 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-6 |
| 11 | ക്ഷേമ പദ്ധതികള്‍<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-7 |
| 12 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന വാര്‍ദ്ധക്യകാല പെന്‍ഷന്‍ പെന്‍ഷണറുടെ മരണശേഷവും വിതരണം നടത്തുന്നു<br>Written By: Hareesh Babu .N (Asst. Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-7-1 |
| 13 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന കര്‍ഷകത്തൊഴിലാളി പെന്‍ഷന്‍ പെന്‍ഷണറുടെ മരണശേഷവും വിതരണം നടത്തുന്നു<br>Written By: Hareesh Babu .N (Asst. Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-7-2 |
| 14 | ക്യാഷ് ബാലന്‍സ് പരിശോധന<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-8 |
| 15 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-9 |
| 16 | ഗ്രാമസഭ | 1-10 |

| | | |
|---|---|---|
| | Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | |
| 17 | കമ്മിറ്റി യോഗങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-11 |
| 18 | കരാറുകാരുടെ തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh R (Auditor, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-12 |
| 19 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Nabeel Muhammad Abbas (Auditor, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-13 |
| 20 | ഉപയോഗശൂന്യമായ പൊതുടാപ്പുകൾ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല<br>Written By: T.O.Polly (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-14 |
| 21 | ഇ-ടെണ്ടർ ഫോറത്തിന്റെ വില ലഭിച്ചില്ല<br>Written By: T.O.Polly (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-15 |
| 22 | മെന്റേഴ്സ് ക്യാമ്പ്- ചെലവുതുക സംബന്ധിച്ച്<br>Written By: T.O.Polly (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-16 |
| 23 | മരാമത്ത് പ്രവൃത്തിയിലെ അപാകത-അധിക ചെലവ് തുക അംഗീകരിക്കുന്നില്ല<br>Written By: T.O.Polly (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-17 |
| 24 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് തുക തനത് ഫണ്ടിലേക്ക് റിഇംപേഴ്സ് ചെയ്തില്ല<br>Written By: T.O.Polly (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-18 |
| 25 | ലൈഫ് ഭവന പദ്ധതി-കരാർ ചമച്ചിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല<br>Written By: Dheeraj J (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-19 |
| 26 | തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ സപ്ലൈ - നികുതികൾ ഈടാക്കിയില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 27-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-20 |
| 27 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Dheeraj J (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-21 |
| 28 | പദ്ധതി തുക യഥാർഥ വിൽപ്പനക്കാരന് തന്നെയാണ് നൽകിയതെന്ന് ഉറപ്പ് വരുത്തിയില്ല<br>Written By: Dheeraj J (Audit Officer, On 16-11-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-22 |
| 29 | എസ്.എസ്.കെ. വിനിയോഗവിവരം ലഭ്യമല്ല.<br>Written By: Dheeraj J (Audit Officer, On 16-11-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-23 |
| 30 | ഭവന നിർമ്മാണം-നൽകിയ ധനസഹായം തിരികെ ഈടാക്കിയതിനൊപ്പം പലിശ ഈടാക്കിയില്ല.<br>Written By: Dheeraj J (Audit Officer, On 23-11-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-24 |
| 31 | ആട് വളർത്തൽ(എസ്.ടി)-അനുവദനീയമായതിലും അധിക തുക നൽകി.<br>Written By: Dheeraj J (Audit Officer, On 22-11-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | മരാമത്ത് പ്രവൃത്തിയിലെ അപാകത-അധിക ചെലവ് തുക അംഗീകരിക്കുന്നില്ല<br>Written By: T.O.Polly (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 3-1 |
| 2 | ആട് വളർത്തൽ(എസ്.ടി)-അനുവദനീയമായതിലും അധിക തുക നൽകി<br>Written By: Dheeraj J (Audit Officer, On 23-11-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-8 |
| 9 | ചാർജ്-സർചാർജ് നടപടികളുടെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 23.02.2019 തീയതിയിൽ ചേർന്ന യോഗത്തിലെ 1(1) നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി അംഗീകരിച്ച കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതിയുടെ 06.03.2019 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ഭരണസമിതിയുടെ 09.03.2020 തീയതിയിലെ 1(1) തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം |
|---|---|
| വരവ് | 129610501 |
| ചെലവ് | 128672850 |

### 1-1-1 വരവ്-ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നു

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥ വരവ് -ചെലവ് |
|---|---|---|
| വരവ് | 129610501 | 51291524(മുൻബാക്കി ഒഴികെ) |
| ചെലവ് | 128672850 | 48544199 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവ് ചെലവുകളുടെ 50ശതമാനത്തിലും കുറവാണ്. ബജറ്റ് വരവ് ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തുന്നത് ശരിയല്ല. മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ കണക്കിലെടുത്ത് യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2019-2020 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-3 സേവന നിരക്കുകൾ വർദ്ധിപ്പിച്ച് തനത് വരുമാനം ഉയർത്തുന്നതിനാവശ്യമായ നിർദ്ദേശം ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതര വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജ്ജുകൾ എന്നിവ 01.04.2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ(അച്ചടി)28/2019ധനം.തീയതി 08.03.2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവന നിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. ഗ്രാമപഞ്ചായത്തിന്റ ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുകയോ സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്യിട്ടില്ല. തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ തനത് വരുമാന വർദ്ധനവിനുള്ള ഇത്തരം ഉത്തരവുകൾ നടപ്പിലാക്കി വരുമാനവർദ്ധനവിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തിലും തനത് വരുമാന വർദ്ധനവിന് സർക്കാർ അനുമതി നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ ഇത്തരം നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-1-4 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016 /ത.സ്വ.ഭ.വ തീയതി 02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

4.ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധിക വിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 25.06.2020 |

കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 10525693.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 51291524.00 |
| ആകെ | | 61817217.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 48544199.00 |
| നീക്കിയിരിപ്പ് | | 13273018.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 46698 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 89000 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8821000 | 8821000 | 8105194* | 0 | 715806 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3862000 | 3862000 | 3799091 ** | 0 | 62909 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 151000 | 151000 | 105000 | 0 | 46000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9751000 | 9751000 | 4232400 | 0 | 5518600 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3251000 | 3251000 | 2731270 | 0 | 519730 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6741662 | 6741662 | 3719570 | 0 | 3022092 |
| കേന്ദ്രാവിഷ്കൃതഫണ്ട് -എൻ.ആർ.ഇ.ജി.എസ് 320 100 101-Admin.Exp | 1671 | 550831 | 552502 | 190509 | 361993 | 0 |
| EFMS | 0 | 7411997 | 7411997 | 7411997 | 0 | 0 |
| ICDS- 320 100 121 | 844095 | 386795 | 1230890 | 424983 | 805907 | 0 |
| സംസ്ഥാനാ വിഷ്കൃതഫണ്ട്- 320 300 199 വിമുക്തി | 32661 | 446082 | 478743 | 470287 | 8456 | 0 |
| ലൈഫ് സംസ്ഥാന വിഹിതം 320200399 | 297 | 6714264 | 6714561 | 2588710 | 4125851 | 0 |
| സമ്പൂർണ്ണ ശുചിത്വം 320200322 | 141505 | - | 141505 | 130000 | 11505 | 0 |
| സാനിട്ടേഷൻ ഫണ്ട് | 785112 | - | 785112 | 191173 | 593939 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 320300103 | | | | | | |
| ദുരിതാശ്വാസ നിധി 311100101 | 287662 | 11621 | 299283 | - | 299283 | 0 |
| 320 700 204 Joint Venture – Block Panchayat- Reveue Expenditure | 2185645 | 2223180 | 4408825 | 2895820 | 1513005 | 0 |
| 320 700 205 Joint Venture – District Panchayat- Reveue Expenditure | 100250 | 1500000 | 1600250 | 300000 | 1300250 | 0 |
| 320 700 105 Joint Venture – District Panchayat- Capital Expenditure | 1700000 | - | 1700000 | 700000 | 1000000 | |

*1419864/-രൂപയുടെ ചെലവ് ജി ഒ പ്രോജക്ട് ആണ്.

**117647/-രൂപയുടെ ചെലവ് ജി ഒ പ്രോജക്ട് ആണ്.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 8821000 | 8105194 | 715806 | 8.11 |
| വികസന ഫണ്ട് (എസ്.സി.പി) | 3862000 | 3799091 | 62909 | 1.63 |
| വികസനഫണ്ട് (ടി.എസ്.പി) | 151000 | 105000 | 46000 | 30.46 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 9751000 | 4232400 | 5518600 | 56.59 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3251000 | 2731270 | 519730 | 15.99 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 6741662 | 3719570 | 3022092 | 44.83 |

2019-20 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം പഞ്ചായത്തിന് അലോട്ട് ചെയ്ത ഗ്രാന്റുകളിൽ മിക്കവയും 70 ശതമാനത്തിൽ കുറവാണ് ചെലവഴിച്ചിട്ടുള്ളതെന്ന് കാണുന്നു. അതായത് 9885137/- രൂപ തൻവർഷം ലാപ്സാക്കി. വികസനഫണ്ട് (ജനറൽ, എസ്.സി.പി., ടി.എസ്.പി.), മെയിന്റനൻസ്ഗ്രാന്റ് (റോഡ്, റോഡിതരം), ധനകാര്യ കമ്മീഷൻ അവാർഡ് എന്നിവ പൂർണ്ണമായും ചെലവഴിക്കാനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുവാൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്. ഗ്രാന്റായി ലഭിക്കുന്ന മുഴുവൻ തുകയും ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക വികസനത്തിന് ഉപയോഗിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 85510371 | 168 | 37678219 | 75 | 7 | 96% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1671 | 550831 | 552502 | 190509 | 361993 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 741197 | 7411997 | 7411997 | |
| ആകെ | 1671 | 7962828 | 7964499 | 7602506 | 361993 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9840 | 65 |
| കർഷകതൊഴിലാളി പെൻഷൻ | 1218600 | 213 |
| വിധവാപെൻഷൻ | 2677200 | 497 |
| വാർദ്ധക്യകാലപെൻഷൻ | 3895800 | 784 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 1142600 | 199 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 328800 | 57 |

## 1-7-1 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന വാർദ്ധക്യകാല പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു

കീരമ്പാറ ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ, മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | ആധാർ നം | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്തു തുക |
|---|---|---|---|---|---|---|
| 1 | ശ്രീമതി.മാധവി പരമേശ്വരൻ, മൂശാരിശ്ശേരിൽ, തട്ടേക്കാട്, പാലമറ്റം | വാർദ്ധക്യ കാല പെൻഷൻ | 10662020 2004 | 02.01.18 | 02/2018 മുതൽ 07/2019 വരെ | 27000 |
| 2 | ശ്രീമതി കുഞ്ഞുകുറുമ്പ പാന, കുന്നേൽ, കീരമ്പാറ | വാർദ്ധക്യ കാല പെൻഷൻ | 923547234781 | 05.10.18 | 11/2018 മുതൽ 7/2019 വരെ | 3600 |
| 3 | ശ്രീമതി.അന്നമ്മ ജോസഫ് ചാലിൽ, കീരമ്പാറ | വാർദ്ധക്യ കാല പെൻഷൻ | 813042706894 | 26.11.18 | 12/2018 മുതൽ7/2019 വരെ | 9200 |
| ആകെ | | | | | | 39800/- |

ഗ്രാമപഞ്ചായത്തിലെ മരണ രജിസ്റ്ററും സേവന സോഫ്റ്റ് വെയറുമായി ഒത്തുനോക്കിയതിന്റെ അടിസ്ഥാനത്തിൽ അപാകതകൾ ശ്രദ്ധയിൽപെട്ട 3 പെൻഷണർമാരുടെ വിവരങ്ങൾ മാത്രമാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷം ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മേൽ ഗുണഭോക്താക്കൾക്ക് മരണശേഷം അനുവദിച്ച പെൻഷൻ തുകയായ 39800/-രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.2/26.10.2021) മുഖാന്തിരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഗുണഭോക്താക്കളുടെ മരണശേഷം അനുവദിച്ച പെൻഷൻ തുക. 39800/- രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയിൽ നിന്നും ഈടാക്കി സർക്കാർ ഹെഡിലേക്ക് അടവാക്കേണ്ടതാണ്.

ഡെത്ത് രജിസ്റ്ററിലെ ആധാർ നമ്പർ മുഖേന, സേവന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തി, ഗ്രാമപഞ്ചായത്തിലെ മരണപ്പെട്ട മറ്റ് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെട്ടില്ലായെന്ന് ഉറപ്പു വരുത്തേണ്ടതും മരണപ്പെട്ടതിന് ശേഷം സമാനമായ രീതിയിൽ തുക കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ബാങ്കുകളുമായി ബന്ധപ്പെട്ട് ആയത് തിരികെ ഒടുക്കുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഭാവിയിൽ ഗ്രാമപഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി സാമൂഹിക സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താവാണോ എന്ന് പരിശോധിക്കേണ്ടതും യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-7-2 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന കർഷകത്തൊഴിലാളി പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | ആധാർ നം | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്തു തുക |
|---|---|---|---|---|---|---|
| 1 | ശ്രീമതി.തങ്കമ്മ പള്ളിയാൻ, ചൂരക്കോടൻ, കീരമ്പാറ | കർഷക ത്തൊഴിലാളി പെൻഷൻ | 885246912539 | 22.01.18 | 2/2018 മുതൽ 11/2018 വരെ | 11000 |

| | |
|---|---|
| ആകെ | 11000 |

ഗ്രാമപഞ്ചായത്തിലെ മരണ രജിസ്റ്ററും സേവന സോഫ്റ്റ്‌വെയറുമായി ഒത്തുനോക്കിയതിന്റെ അടിസ്ഥാനത്തിൽ അപാകതകൾ ശ്രദ്ധയിൽപെട്ട ഒരു പെൻഷണറുടെ വിവരം മാത്രമാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷം ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മേൽ ഗുണഭോക്താക്കൾക്ക് മരണശേഷം അനുവദിച്ച പെൻഷൻ തുകയായ 11000/-രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.2/26.10.2021) മുഖാന്തിരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഗുണഭോക്താക്കളുടെ മരണശേഷം അനുവദിച്ച പെൻഷൻ തുക. 11000/- രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.10.2021ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി, പരിശോധനയിൽ 8502/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.02.2021 | ഏപ്രിൽ 2020- ഡിസംബർ 2020 | 20.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.10.2018 മുതൽ 02.11.2018 വരെ | 2013-14മുതൽ 2017-18വരെ | 30.11.2018 |

## 1-10 ഗ്രാമസഭ

2019-20 സാമ്പത്തിക വർഷം ഗ്രാമസഭ രണ്ട് തവണ ചേർന്നിട്ടുണ്ട്. കൂടുതൽ ചർച്ചകളോ, തദ്ദേശ മേഖലയിലെ വികസനത്തിന് ഉതകുന്ന നിർദ്ദേശങ്ങളോ ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടില്ല. അവസാനത്തെ ഗ്രാമസഭ 2019-20 ലെ വാർഷിക പദ്ധതിയിലെ ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകുന്നതിനാണ് ചേർന്നിട്ടുള്ളത്.

## 1-11 കമ്മിറ്റി യോഗങ്ങൾ

ജനറൽ കമ്മിറ്റിയും സ്റ്റാൻഡിംഗ് കമ്മിറ്റികളും നിയമാനുസൃത ഇടവേളകളിൽ യോഗം ചേർന്ന് മിനിട്സ് രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ജനറൽ കമ്മിറ്റിയുടെ മിനിട്സ് കൃത്യമായി സകർമ്മ സോഫ്റ്റ്‌വെയറിൽ ചേർത്തു പോരുന്നുണ്ട്.

## 1-12 കരാറുകാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തിൽ കീരമ്പാറ ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ ധാരാളം കരാറുകാരുണ്ട്. 1994ലെ കേരളപഞ്ചായത്ത് രാജ് നിയം, വകുപ്പ് 204 പ്രകാരം കരാറുകാരിൽ നിന്നും തൊഴിൽനികുതി ചുമത്തേണ്ടതാണ്. എന്നാൽ, തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഈ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ടി കരാറുകാർ സാമ്പത്തിക വർഷത്തിൽ 60 ദിവസത്തിൽ കുറയാത്ത കരാർ വ്യവസ്ഥയിൽ പഞ്ചായത്തിൽ ഒന്നിലധികം മരാമത്ത് പണികൾ ഏറ്റെടുത്ത് ചെയ്തിട്ടുണ്ട് എന്ന് എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. കരാറുകാരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര്, വിലാസം | കരാർ നം. തീയതി | കരാർ തുക |
|---|---|---|---|
| 1 | ലെനിൻ ജോർജ്, ഇളയിടത്തുകുന്നേൽ, നാട്ടുകാണി | 150/19-20 | 49000 |
| 2 | ദിന കെ ചന്ദ്രൻ, കാമരാട്ടുകുടി, മേതല പി.ഒ., പെരുമ്പാവൂർ | 65/19-20 | 418330 |
| 3 | രാജീവ് പികെ, പുളിക്കകുടി, മേതല പി.ഒ., പെരുമ്പാവൂർ | 99/19-20<br>56/19-20<br>51/19-20<br>61/19-20 | 350000<br>370000<br>360000<br>300000 |
| 4 | ബേസിൽ വെൻ ജോർജ്, പാപ്പാലിൽ, കോതമംഗലം | 53/19-20<br>55/19-20<br>62/19-20 | 300000<br>100000<br>300000 |

| | | | |
|---|---|---|---|
| | | 63/19-20 | 350000 |
| 5 | ഷാജു മത്തായി<br>പല്ലാറ്റിങ്ങൾ,<br>അയിരൂർപാടം | 47/19-20 | 200000 |
| | | 98/19-20 | 800000 |
| | | 88/19-20 | 300000 |
| | | 100/19-20 | 134500 |
| | | 54/19-20 | 200000 |
| 6 | ബിനു കെ വർഗീസ്,<br>വാഴത്തോട്ടത്തിൽ,<br>കോതമംഗലം | 53/19-20 | 244000 |
| | | 154/19-20 | 450000 |
| | | 171/19-20 | 624600 |
| | | 183/19-20 | 322537 |
| | | 186/19-20 | 100000 |
| | | 199/19-2 | 200000 |
| 7 | ബിനു കെ ജോർജ്,<br>കൊട്ടാരത്തിൽ,<br>ഭൂതത്താൻകെട്ട് | 81/19-20 | 500000 |
| | | 83/19-20 | 600000 |
| | | 96/19-20 | 300000 |
| | | 179/19-20 | 78000 |
| | | 82/19-20 | 300000 |
| | | 79/19-20 | 100000 |
| | | 178/19-20 | 180000 |
| | | 180/19-20 | 300000 |
| | | 187/19-20 | 206000 |
| | | 193/19-20 | 140000 |
| | | 196/19-20 | 200000 |
| | | 19201/19-20 | 200000 |
| | | 201/19-20 | 154000 |
| 8 | ഷാജി ആന്റണി,<br>തളികപ്പറമ്പിൽ | 152/19-20 | 200000 |
| 9 | ആഷ്ബിൻ ജോസ് | 43/19--20 | 100000 |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/30.10.2021) മറുപടി ലഭിച്ചില്ല. മേൽ സൂചിപ്പിച്ച പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

### (എ) യന്ത്രങ്ങളുടെ കുതിരശക്തിക്ക് ആനുപാതികമായി ഫീസ് ഈടാക്കിയില്ല

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് പട്ടിക III പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാം. ഇത് പ്രകാരം 200എച്ച്പി വരെയുള്ള യന്ത്രങ്ങൾക്ക് 2000 രൂപയും, തുടർന്നുള്ള ഓരോ കുതിരശക്തിക്കും 10 രൂപ വീതവും ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തേക്ക് വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉള്ള ബേസിൽ റബ്ബർ ഫാക്ടറി എന്ന ക്രംപ് റബ്ബർ പ്രോസസിംഗ് യൂണിറ്റിൽ നിന്നും ഇപ്രകാരം ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ലൈസൻസ് നം. | അപേക്ഷ പ്രകാരം യന്ത്രത്തിന്റെ കുതിരശക്തി | പട്ടിക III പ്രകാരം ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | രസീത് നം./തീയതി | കുറവ് |
|---|---|---|---|---|---|
| 53/19-20 | 1165.21<br>(ഫയൽ പ്രകാരം 549.25 KW+320KVA) | 11,652 | 5400 | 118010102179/21.02.2019<br>11901010176/01.01.2020 | 6252 |

### (ബി) മൂലധന നിക്ഷേപത്തിന് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കിയില്ല

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നെങ്കിലും കീരമ്പാറ ഗ്രാമപഞ്ചായത്ത് മേൽ ചട്ടത്തിലെ ചട്ടം 10, പട്ടിക II പ്രകാരം സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി തിരിച്ച് പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചത് 10.07.2019ലെ 9(1) തീരുമാനപ്രകാരമാണ്. എന്നാൽ, മൈക്രോ എന്റർപ്രൈസസ് വിഭാഗത്തിലെ വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച് മാത്രമാണ് ഇപ്രകാരം ഫീസ് നിശ്ചയിച്ചിട്ടുള്ളത്. സ്മാൾ, മീഡിയം

എന്റർപ്രൈസസ് സ്ഥാപനങ്ങൾക്ക് ചട്ട പ്രകാരമുള്ള പരമാവധി ലൈസൻസ് ഫീസായ 5000, 10000 തന്നെയാണ് ഈടാക്കുന്നത്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നല്കിയ താഴെ പറയുന്ന സ്മാൾ, മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപെട്ട സ്ഥാപനങ്ങളുടെ ഫീസ് മൂലധനനിക്ഷേപത്തിന് അനുസരിച്ച് ഈടാക്കിയിട്ടില്ല വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനം | ലൈസൻസ് നം. | മൂലധന നിക്ഷേപം | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | രസീത് നം./തീയതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | ഊഞ്ഞാപ്പാറ മെറ്റൽ ക്രഷർ (വ്യവസായം) | 59/19-20 | 15948000 | 5000 | 4000 | 118010102285/ 26.02.19 | 1000 |
| 2 | തപോവൻ ഗ്രീൻ കൌണ്ടി റിസോർട്ട് (സേവനം) | 121/19-20 | 31025000 | 10000 | 4000 | 119010100270/ 26.06.19 | 6000 |
| | ആകെ | | | | | | 7000 |

ലൈസൻസ് ഫീസ് ഈടാക്കിയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (9/28.10.2021, 12/28.10.2021) മറുപടി ലഭിച്ചില്ല. ആയതിനാൽ, മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ യന്ത്രത്തിന്റെ കുതിരശക്തി, മൂലധനനിക്ഷേപം എന്നിവയിൽ വിശദമായ പരിശോധന നടത്തി ലൈസൻസ് ഫീസിൽ കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഉപയോഗശൂന്യമായ പൊതുടാപ്പുകൾ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല

കീരമ്പാറ ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി ഗ്രാമപഞ്ചായത്തിലെ ആകെ പൊതു ടാപ്പുകളുടെ എണ്ണം 205 ആയി തിട്ടപ്പെടുത്തിയിരുന്നു(PH52/KRA/GEN/18/10.07.2019). ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22.01.2019 ലെ 10(1) നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 205 പൊതു ടാപ്പുകളിൽ 84 പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. പ്രസ്തുത കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 84 പൊതു ടാപ്പുകൾ നിർത്തലാക്കാൻ ഈ ഓഫീസിലെ 31.01.2020ലെ ലെ എ1-713/2019 നമ്പർ കത്ത് മുഖേന കോതമംഗലം കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനിയറോട് ആവശ്യപ്പെടുകയും ഇതു പ്രകാരം കേരള വാട്ടർ അതോറിറ്റി നൽകിയ 06.07.2020 ലെ എ1-2299/13 നമ്പർ എസ്റ്റിമേറ്റ് അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്കായി 87000/- രൂപ അടവാക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ, ഗ്രാമപഞ്ചായത്ത് ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ റദ്ദ് ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ടാപ്പൊന്നിന് 437.50 രൂപ നിരക്കിൽ 205 ടാപ്പുകൾക്ക് മാസം തോറും 89688/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് ഉണ്ടാകുന്നുണ്ട്. ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ റദ്ദ് ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിക്കാത്തത് മൂലം ഗ്രാമപഞ്ചായത്തിന് മാസം തോറും 36750/- (84x437.50) രൂപ വെള്ളക്കര ഇനത്തിൽ അധിക ഡിമാന്റ് ഉണ്ടാകുന്നുണ്ട്.

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 9/28.10.2021) മറുപടി ലഭിച്ചില്ല. ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ റദ്ദ് ചെയ്യുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ഇ-ടെണ്ടർ ഫോറത്തിന്റെ വില ലഭിച്ചില്ല

ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ നടപടികളിലൂടെ നടപ്പാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം 88990/- രൂപ ലഭിക്കാനുണ്ടായിരുന്നു. ടി തുക ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭിച്ചിട്ടില്ല. എന്നാൽ, ഇ-ടെണ്ടർ ഫോറ ഇനത്തിൽ ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇ-ടെണ്ടർ ഫോറത്തിന്റെ വില ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 മെന്റേഴ്സ് ക്യാമ്പ്- ചെലവുതുക സംബന്ധിച്ച്

ആരോഗ്യസുരക്ഷയ്ക്ക് മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ കുട്ടികൾക്കുവേണ്ടി 'പെൻസിൽ' എന്ന പേരിൽ ഒരുക്കിയ അവധിക്കാല പഞ്ചായത്തുതല മെന്റേഴ്സ് ക്യാമ്പ് നടത്തിപ്പിനായി ചെലവഴിച്ച തുക 6500/- രൂപ സി.ഡി.എസ് ചെയർപേഴ്സണ് വൗച്ചർ നം.21900107 തീയതി 01.06.2019 (ചെക്ക് നം. 125153/01.06.2019) പ്രകാരം പഞ്ചായത്തിൽ നിന്നും അനുവദിച്ചുനൽകിയിട്ടുണ്ട് . കില ഡയറക്ടറുടെ 02.05.2019 ലെ കില/2019/101/2719/എച്ച് ക്യു നം. കത്തിൽ വാർഡുതല ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് (ഒരു വാർഡിൽ നിന്ന് 5 പേർ) ഭക്ഷണം, പരിശീലന സാമഗ്രികൾ എന്നിവയ്ക്ക് 100/-രൂപ വീതം കില നൽകും. ക്യാമ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ഒറിജിനൽ ബിൽ, വൗച്ചർ, ഹാജർ ലിസ്റ്റ് എന്നിവ ഹാജരാക്കി ചെലവായ തുക കിലയിൽ നിന്ന് റീഇംബേഴ്സ് ചെയ്യാം.

ഈ നിർദ്ദേശം പാലിച്ച് ചെലവു തുക പഞ്ചായത്ത് റീഇംബേഴ്സ് ചെയ്ത് വാങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാനാവശ്യപ്പെട്ട് നൽകിയ 27.10.2021 ലെ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ഈയിനത്തിലെ ചെലവുതുക 6500/-രൂപ കിലയിൽ നിന്ന് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 മരാമത്ത് പ്രവൃത്തിയിലെ അപാകത-അധിക ചെലവ് തുക അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രൊജക്ട് | 149/20,പുന്നേക്കാട് സ്കൂൾ ബിൽഡിംഗ് & മെയിന്റനൻസ് |
| നിർവ്വഹണം | അസി.എഞ്ചിനിയർ |

| | |
|---|---|
| കരാറുകാരൻ | ഷാജു ആന്റണി |
| എം. ബുക്ക്. | 192/17-18 |
| ബിൽ നം. | 1/19-20dtd 5-4-19, Rs.19,89,217/- |
| എഗ്രിമെന്റ് | 5/AE/lsgd/18-11-17 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ജനലുകളും, വാതിലുകളും വെയ്ക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റിന്റെ ഭാഗമായിരുന്നു. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് പ്രകാരം അധികം കോൺക്രീറ്റിംഗിന് വേണ്ടിയുള്ള കമ്പിയുടെ അളവ് ആവശ്യത്തിലധികം കൂട്ടിയതിനാൽ കെട്ടിടത്തിന്റെ ജനലുകളും വാതിലുകളും ഒഴിവാക്കിയാണ് പ്രവൃത്തി നടപ്പാക്കിയത്. ഈ പ്രവൃത്തിയുടെ വിശദവിവരം ഭാഗം 3-1ൽ ചേർത്തിട്ടുണ്ട്.

## 1-18 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് തുക തനത് ഫണ്ടിലേക്ക് റിഇംപേഴ്സ് ചെയ്തില്ല

തദ്ദേശ സ്വയം ഭരണ (ഡിസിസി) വകുപ്പിന്റെ 02.05.2019ലെ ജി. ഒ. (ആർടി) നം.923/2019/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ-പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് വാർഡൊന്നിന് (ശുചിത്വ മിഷൻ വിഹിതം- 10000, എൻഎച്ച്എം വിഹിതം - 10000, തനത് ഫണ്ട് - 5000) 25000/- രൂപ വീതം ചെലവഴിക്കാൻ അനുമതി നൽകിയിരുന്നു. ശുചിത്വ മിഷൻ വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാകുന്നതിനുള്ള കാലതാമസം കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് തന്നെ മുൻകൂറായി ചെലവഴിക്കുന്നതിനും, ശുചിത്വ മിഷൻ വിഹിതം ലഭ്യമാകുന്ന മുറക്ക് തനത് ഫണ്ടിലേക്ക് മുതൽകൂട്ടാനും നിർദേശിച്ചിരുന്നു.

കീരംപാറ ഗ്രാമ പഞ്ചായത്ത് 2019-20സാമ്പത്തിക വർഷത്തിൽ 13 വാർഡുകളിൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡൊന്നിന് 10000/- രൂപ വീതം 130000/- രൂപ (വൗച്ചർ നം. 21900168, തി. 04.07.2019) ചെലവായിട്ടുണ്ട്. വാർഡ് തല സാനിറ്റേഷൻ സമിതിയ്ക്ക് തനത്ഫണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്ത് നൽകുകയാണ് ചെയ്തിരിക്കുന്നത്.

വാർഡൊന്നിന് തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാവുന്ന പരമാവധി തുക 5000/- രൂപയാണ്. എന്നാൽ, തനത് ഫണ്ടിൽ നിന്നും 10000 രൂപ വീതം ചെലവാക്കിയിട്ടുണ്ട്. ശുചിത്വ മിഷൻ വിഹിതം തനതു ഫണ്ടിൽ നിന്നും Advance To Implementing Officers എന്ന അക്കൌണ്ട് ഹെഡ്ഡിൽ മുൻകൂറായി നൽകുന്നതിന് പകരം Administrative & Other Expenses – Stationary (220210102) എന്ന അക്കൌണ്ട് ഹെഡ്ഡിൽ തുക ചെലവാക്കുകയാണ് ചെയ്തത്.

2020-21ൽ ശുചിത്വ മിഷൻ വിഹിതം 1,30,000/-രൂപ ലഭിച്ചിട്ടുണ്ടെങ്കിലും ആയത്, തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 5/27.10.2021) മറുപടി ലഭിച്ചില്ല. ആയതിനാൽ, സർക്കാർ നിർദേശ പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ-പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ 130000/- രൂപ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ലൈഫ് ഭവന പദ്ധതി-കരാർ ചമച്ചിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല

| പദ്ധതി നം. | 102/18 | 103/19 |
|---|---|---|
| പദ്ധതി | ലൈഫ് ഭവന പദ്ധതി (ജനറൽ) | ലൈഫ് ഭവന പദ്ധതി (എസ്.സി.) |
| അടങ്കൽ | 24,00,000/- | 24,00,000/- |
| ചെലവ് | 16,00,000/- | 24,00,000/- |
| നിർവ്വഹണം | വി.ഇ.ഒ. കീരമ്പാറ | |

2019-20 ലെ ഗുണഭോക്തൃലിസ്റ്റിൽ നിന്നും അർഹരായ താഴെ ചേർത്ത ഗുണഭോക്താക്കൾ രേഖകൾ സമർപ്പിച്ച് കരാർ ചമച്ചിട്ടും ആദ്യ ഗഡു പോലും നൽകിയിട്ടില്ല.

ക്രമനമ്പർ ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ വിഭാഗം

1)ജോബി അഗസ്റ്റിൻ,വരിയകത്ത്. (ജനറൽ)

2)അന്നക്കുട്ടി ജോർജ് കൊച്ചുകുടി. (ജനറൽ)

3) ജെലീനപോൾ,കൈതവേലിൽ (ജനറൽ)

4)റ്റിഷ തങ്കച്ചൻ ചിറക്കൽ. (ജനറൽ)

5)എലിസബത്ത് വർഗ്ഗീസ് ഇല്ലത്ത്കുടി (ജനറൽ)

6)രാധ സജീവ് നെല്ലിയാങ്കൽ. (ജനറൽ)

7)ഷീന സേവ്യർ തുറക്കേക്കുടി. (ജനറൽ)

8)റോസക്കുട്ടി ഔസേപ്പ്. (ജനറൽ)

9)ലീല ജോർജ് മണിയാട്ട്. (ജനറൽ)

10)റീജ തോമസ് പാഴേക്കര. (ജനറൽ)

11)സിനി സജി പുത്തൻപുര (എസ്.സി)

മേൽ പറഞ്ഞ ഗുണഭോക്താക്കൾ പണി ആരംഭിക്കാൻ തയ്യാറാകാത്ത പക്ഷം ഗുണഭോക്തൃലിസ്റ്റിലെ അർഹമായ അടുത്ത ഗുണഭോക്താവിന് തുക കൈമാറേണ്ടതും പദ്ധതിപ്പണം പാഴായിപ്പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ സപ്ലൈ - നികുതികൾ ഈടാക്കിയില്ല

2019-20 സാമ്പത്തിക വർഷം ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ 2.5 ലക്ഷം രൂപക്ക് മുകളിലുള്ള ബില്ലുകളിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട GST താഴെപ്പറയുന്ന പ്രവൃത്തിയുടെ ബില്ലിൽ നിന്ന് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി/ എം ബുക്ക് നം | കരാറുകാരന്റെ പേര്/മെറ്റീരിയലിന്റെ ആകെ വില | ഈടാക്കേണ്ട GST (2%) | തുക അനുവദിച്ച തീയതി |
|---|---|---|---|
| കുരുന്നപ്പിള്ളി കളപ്പുരപ്പടി പാറേക്കണ്ടം പടി നടപ്പാത കോൺക്രീറ്റിംഗ് വാർഡ് 5 / 173/18-19 | ബിനു കെ ജോർജ്ജ് ₹ 251412 | ₹ 5028 | 26.09.2019 |

മേൽപ്പറഞ്ഞ തുക കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി(01/22.10.2021) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ നികുതികൾ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിയമാനുസൃത നികുതികൾ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-21 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിനായി/മാറ്റി സ്ഥാപിക്കുന്നതിനായി 2019-20 വർഷം കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ താഴെ പറയുന്ന തുകകൾക്ക് നാളിതു വരെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | വാർഡ് | ബിൽ നം./തിയതി | തുക |
|---|---|---|---|---|
| 1 | 188/19-20 | 6 | 4801554592/19.03.2020 | 41000 |
| 2 | 103/19-20 | 12 | 1120768/22.01.2020 | 48000 |
| ആകെ | | | | 89000 |

വിനിയോഗ രേഖകളുടെ അഭാവത്തിൽ 89000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-22 പദ്ധതി തുക യഥാർഥ വിൽപ്പനക്കാരന് തന്നെയാണ് നൽകിയതെന്ന് ഉറപ്പ് വരുത്തിയില്ല

| | |
|---|---|
| പ്രോജക്ട് | ആട് വളർത്തൽ(എസ്.സി |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 50000(ടി.എസ്.പി) |
| ചെലവ്(ബിൽ നം.തീയതി) | 1)17500/-(1077100/14.01.2020)<br>2)35000/-(0937213/12.12.2019) |

മേൽ പ്രോജക്ട് പ്രകാരം 7 പേർക്ക് 7500/-രൂപ വില വരുന്ന ആടുകളെ വാങ്ങി നൽകിയിരുന്നു. ഈ പ്രോജക്ടിലെ ഗുണഭോക്താവായ ശ്രീമതി പ്രീതി ഗോപിയ്ക്ക് ആടിനെ വിറ്റ ശ്രീ ബിജു കെ പിയുടെ അക്കൗണ്ടിലേക്ക് 7500/- രൂപ നൽകേണ്ടതിന് പകരം ബിജു പരമേശ്വരൻ എന്നയാളുടെ എസ്.ബി.ഐ-67227622100 അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്. ബിജു കെ പി എന്ന വ്യക്തിയാണ് ആടിനെ വിറ്റതെന്ന് വിലച്ചീട്ടിലും,രസീതിലും,അപേക്ഷയിലും വ്യക്തമാണെന്നിരിക്കെ ശ്രീ ബിജു പരമേശ്വരൻ എന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് 7500/-രൂപ കൈമാറിയത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/28.10.2021) മറുപടി ഹാജരാക്കിയില്ല തുക യഥാർഥ ഗുണഭോക്താവിന് തന്നെയാണ് നൽകിയതെന്ന് ഉറപ്പ് വരുത്തി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 എസ്.എസ്.കെ. വിനിയോഗവിവരം ലഭ്യമല്ല.

| | | |
|---|---|---|
| നിർവ്വഹണം | അസി. സെക്രട്ടറി | |
| പ്രോജക്ട് നമ്പർ | 13/20(s.c) | 1/19-20 |
| അടങ്കൽ | 150000/- | 300000/- |
| ചെലവ് | 150000/- | 300000/- |
| ബിൽ നം. | 684209/19-20-/15.10.19 | 68420/19-20-/21.11 .19 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ.-യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിനിയോഗ വിവരം ലഭ്യമല്ല. 29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.എ പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (11/29.10.2021) മറുപടി ലഭിച്ചില്ല. കോവിഡ് പശ്ചാത്തലത്തിൽ ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്ന് അറിയിക്കേണ്ടതാണ്.

## 1-24 ഭവന നിർമ്മാണം-നൽകിയ ധനസഹായം തിരികെ ഈടാക്കിയതിനൊപ്പം പലിശ ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | ലൈഫ് ഭവനം(എസ്.സി) 118/20 |
| നിർവ്വഹണം | വി.ഇ.ഒ.,കീരമ്പാറ |
| അടങ്കൽ | 3548520 |
| ചെലവ് വിവരം(തുക/ബിൽനം./ തീയതി) | 1) ₹40,000/- 1382693/ 15.06.2019<br>2) ₹1,60,000/- 1382698/ 29.06.2019 |

മേൽ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവായ ശ്രീമതി ചോതി വേലായുധൻ, തക്കിരിക്കുടി എന്നയാൾക്ക് ആകെ രണ്ട് ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുപയോഗിച്ച് ഗുണഭോക്താവ് ഭവന നിർമ്മാണം നടത്തിയില്ല. വി.ഇ.ഒ നടത്തിയ അന്വേഷണത്തിൽ ടിയാൻ ഭൂമി കൈമാറിയതായി അറിയാൻ കഴിഞ്ഞു. ആയത് വി.ഇ.ഒ ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും,ടി ഗുണഭോക്താവിൽ നിന്നും പലിശ സഹിതം രണ്ട് ലക്ഷം രൂപ ഈടാക്കുവാൻ ഭരണ സമിതി (23.10.2019ലെ 3-1 തീരുമാനം)തീരുമാനിച്ചു. തുടർന്ന് കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 10.08.2020 ലെ 120010100436 രസീത് പ്രകാരം രണ്ട് ലക്ഷം രൂപ ടിയാൻ അടവാക്കി. എന്നാൽ ചോതി വേലായുധനുമായി ചമച്ച കരാറിന്റെ അടിസ്ഥാനത്തിൽ ടിയാന് ലഭിച്ച ധനസഹായം കൈവശം വച്ചിരുന്ന കാലയളവിലെ നിയമാനുസൃത പലിശ ഈടാക്കിയിട്ടില്ല. മേൽ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനായി ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 ആട് വളർത്തൽ(എസ്.ടി)-അനുവദനീയമായതിലും അധിക തുക നൽകി.

| | |
|---|---|
| പ്രോജക്ട് | ആട് വളർത്തൽ(എസ്.ടി) |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 76000(ടി.എസ്.പി) |
| ചെലവ്(ബിൽ നം.തീയതി) | 1) ₹10,000/-(1077109/14.01.2020)<br>2) ₹20,000/-(0937214/12.12.2019) |

മേൽ പ്രോജക്ട് പ്രകാരം 3 പേർക്ക് 10000/-രൂപ വില വരുന്ന ആടുകളെ വാങ്ങി നൽകിയിരുന്നു. ആടുകളെ വിറ്റ ശ്രീമതി അമ്മിണി മത്തായി, കളത്തിങ്കൽ എന്നയാൾക്ക് 10000/- രൂപയാണ് നൽകിയിട്ടുള്ളത്. എന്നാൽ ശ്രീമതി അമ്മിണി മത്തായി ഒപ്പു വെച്ച പണത്തിനായുള്ള അപേക്ഷ, അസ്സൽ രസീത് (വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയത്), വിലച്ചീട്ട് (വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയത്) എന്നിവയിലെല്ലാം 6000/-രൂപയാണ് അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തിയത്. യഥാർത്ഥ വില രേഖപ്പെടുത്തിയ മേൽ രേഖകളുടെ അടിസ്ഥാനത്തിൽ നൽകേണ്ട തുക 6000/-രൂപയിൽ പരിമിതപ്പെടുത്തി നൽകേണ്ടതിന് പകരം 10000/-രൂപ നൽകിയ നടപടി ശരിയല്ല . മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/28.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ അധികം നൽകിയ 4000/- രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്. വിശദ വിവരം ഭാഗം 3-2ൽ ചേർത്തിട്ടുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 മരാമത്ത് പ്രവൃത്തിയിലെ അപാകത-അധിക ചെലവ് തുക അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രൊജക്ട് | 149/20,പുന്നേക്കാട് സ്കൂൾ ബിൽഡിംഗ് & മെയിന്റനൻസ് |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| കരാറുകാരൻ | ഷാജു ആന്റണി |
| എം. ബുക്ക്. | 192/17-18 |
| ബിൽ നം. | 1/19-20dtd 5-4-19, Rs.19,89,217/- |
| എഗ്രിമെന്റ് | 5/AE/lsgd/18-11-17 |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ജനലുകളും, വാതിലുകളും വെയ്ക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റിന്റെ ഭാഗമായിരുന്നു. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തത്

പ്രകാരം അധികം കോൺക്രീറ്റിംഗിന് വേണ്ടിയുള്ള കമ്പിയുടെ അളവ് ആവശ്യത്തിലധികം കൂട്ടിയതിനാൽ കെട്ടിടത്തിന്റെ ജനലുകളും വാതിലുകളും ഒഴിവാക്കിയാണ് പ്രവൃത്തി നടപ്പാക്കിയത്.

എസ്റ്റിമേറ്റ് പ്രകാരം കോൺക്രീറ്റിംഗിന് ആവശ്യമായ കമ്പിയുടെ (Reinforcement)ഉക്കം കണക്കാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

ഐറ്റം 5.22.6

കോളം നിർമ്മിക്കുന്നതിന് - 3.154m3 X 109kg/m3 = 343.786 Kg

സൺഷൈഡും സ്ലാബും നിർമ്മിക്കുന്നതിന് 10.352m3x57/m3 = 590.064kg

ബീം നിർമ്മിക്കുന്നതിന് 7.029m3 X 110/m3 = 773.19 Kg

ആകെ 1707.04 Kg

എന്നാൽ ഈ എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് പ്രകാരം കമ്പിയുടെ അളവ് താഴെ കൊടുക്കുന്നു.

കോളം നിർമ്മിക്കുന്നതിന് ആവശ്യമായ കോൺക്രീറ്റിന്റെ അളവ്- 3.058 M3
ബീമും സൺഷൈഡും സ്ലാബും നിർമ്മിക്കുന്നതിന് ആവശ്യമായ കോൺക്രീറ്റിന്റെ അളവ് - 16.421 M3 എന്നും കണക്കാക്കിയിട്ടുണ്ട്.
ഇതിന് ഒരു എം3 – 100 Kg കമ്പിയാണ് കണക്കാക്കിയിട്ടുള്ളത്.

എം ബുക്ക് പ്രകാരം (Dsr Item No.5.1.2) കവറിംഗ് സ്ലാബ് നിർമ്മിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കോളം നിർമ്മിച്ചതിന് ആവശ്യമായ കോൺക്രീറ്റിന്റെ അളവ്- 3.058 M3

ബീം, സൺഷേഡ്, സ്ലാബ് എന്നിവ നിർമ്മിച്ചതിന് ആവശ്യമായ കോൺക്രീറ്റിന്റെ അളവ്- 16.421 M3

ആകെ-3.058+16.421 =19.479m3

എം ബുക്ക് പ്രകാരം കമ്പി ഉപയോഗിച്ചതിന് (DSR Item No 5.22.6) നൽകിയ തുക 2566.722kgx 69/kg= 177103

റിവൈസഡ് എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ കമ്പിയുടെ അളവ് 19.479m3 X 100/ Kg = 1947.90 Kg ആണ്.

അതായത് എസ്റ്റിമേറ്റിനേക്കാൾ 618.822 Kg കമ്പി അധികം ഉപയോഗിച്ചിരിക്കുന്നു

അധികം നൽകിയ തുക 618.822 Kg X 69/kg = 42,698/-രൂപയാണ്. ഈ അധികം പ്രവൃത്തി കാരണം കെട്ടിടത്തിന്റെ ആവശ്യമായ വാതിലുകളും ജനലുകളും ഒഴിവാക്കിയത് അംഗീകരിക്കാനാകില്ല.
ലഭിച്ച ക്വട്ടേഷൻ പ്രകാരം 4 ജനലുകളും ഒരു വാതിലും ഒരു വെന്റിലേറ്ററും വെയ്ക്കുന്നതിന് ആകെ തുക 39,546/- രൂപയാണ കണക്കാക്കിയിരുന്നത്.
1. ഐറ്റം നം.12 (Specification 50.9.1.1) പ്രകാരം 4 ജനലുകളും ഒരു വാതിലും ഒരു വെന്റിലേറ്ററും എന്നിവയ്ക്ക് ഫ്രെയിം വെയ്ക്കുന്നതിന്
$0.237m^3$ X $84656/m^3$ = 17,470/- രൂപ
2. ഐറ്റം നം.13 (Specification 50.9.1.1) പ്രകാരം ഒരു വാതിലിന് എന്നിവയ്ക്ക് പാളി വെക്കുന്നതിന്
$0.217m^2$ X $2023/m^2$ = 2462/- രൂപ
3. ഐറ്റം നം.14 (Specification 50.9.3.1) പ്രകാരം വാതിലിന് ഷട്ടർ ഫ്രെയിം വെയ്ക്കുന്നതിന്
$0.801m^2$ X $2206/m^2$ = 1767/- രൂപ
4. ഐറ്റം നം.15 (Specification 50.9.6.1) പ്രകാരം ജനലുകൾക്കും വെന്റിലേറ്ററിനും എന്നിവയ്ക്ക് പാളി വെക്കുന്നതിന്
$0.801m^2$ X $2206/m^2$ = 1767/- രൂപ
മറ്റ് ക്വട്ടേഷനേക്കാൾ കുറഞ്ഞ തുക ജനലുകൾക്കും വാതിലിനും ക്വോട്ട് ചെയ്തത് കാരണമാണ് ടിയാൾക്ക് ഈ ക്വട്ടേഷൻ ഉറപ്പിച്ച് നൽകിയത്. ആയതിനാൽ ക്വട്ടേഷൻ നിരക്കിൽ ജനലുകളും വാതിലും വെയ്ക്കേണ്ടതും കൂടാതെ കോൺക്രീറ്റിംഗിന് അധികം ഉപയോഗിച്ച കമ്പിയുടെ തുക അധികം നൽകിയത് വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള (നം.3/27.10.21) മറുപടിയിൽ കോൺക്രീറ്റിംഗിന്റെ അളവ് കുറഞ്ഞത് കാരണമാണ് കമ്പിയുടെ അളവ് കൂടുതലായത് എന്നാണ്. കൂടാതെ ഇനിമുതൽ ഒരു പ്രവൃത്തിയിലെ അത്യാവശ്യ ഇനങ്ങൾ ഒഴിവാക്കുകയില്ല എന്നും പറയുന്നു. മറുപടി അംഗീകരിക്കാനാവില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള കോൺക്രീറ്റിംഗിന്റെ അളവ് കുറഞ്ഞു എന്ന മറുപടി ശരിയല്ല. മാത്രമല്ല, അത്യാവശ്യ പ്രവൃത്തികൾ ഇനി മുതൽ ഒഴിവാക്കുന്നതല്ല എന്ന മറുപടി ഉചിതമല്ല. ആയതിനാൽ ഒഴിവാക്കിയ പ്രവൃത്തി ടെൻഡറിൽ രേഖപ്പെടുത്തിയ നിരക്കിൽ ചെയ്യേണ്ടതാണ്.

## 3-2 ആട് വളർത്തൽ(എസ്.ടി)-അനവദനീയമായതിലും അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് | ആട് വളർത്തൽ(എസ്.ടി) |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 76000(ടി.എസ്.പി) |
| ചെലവ്(ബിൽ നം.തീയതി) | 1) ₹10000/- (1077109/14.01.2020)<br>2) ₹20000/- (0937214/12.12.2019) |

മേൽ പ്രോജക്ട് പ്രകാരം 3 പേർക്ക് 10000/-രൂപ വില വരുന്ന ആടുകളെ വാങ്ങി നൽകിയിരുന്നു. ആടുകളെ വിറ്റ ശ്രീമതി അമ്മിണി മത്തായി, കളത്തിങ്കൽ എന്നയാൾക്ക് 10000/- രൂപയാണ് നൽകിയിട്ടുള്ളത്. എന്നാൽ ശ്രീമതി അമ്മിണി മത്തായി ഒപ്പു വച്ച പണത്തിനായുള്ള അപേക്ഷ, അസ്സൽ രസീത് (വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയത്), വിലച്ചീട്ട് (വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയത്) എന്നിവയിലെല്ലാം 6,000/-രൂപയാണ് അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തിയത്. യഥാർത്ഥ വില രേഖപ്പെടുത്തിയ മേൽ രേഖകളുടെ അടിസ്ഥാനത്തിൽ നൽകേണ്ട തുക 6,000/-രൂപയിൽ പരിമിതപ്പെടുത്തി നൽകേണ്ടതിന് പകരം 10,000/-രൂപ നൽകിയ നടപടി ശരിയല്ല . മേൽ

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ അധികം നൽകിയ 4,000/- രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 103/20,പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, വാർഡ് 12 | 21901097/ 20.03.20 | 48000 | 48000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 188/20,പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, വാർഡ് 6 | 22000135/ 14.03.20 | 41000 | 41000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

ഓഡിറ്റ് വർഷം വാട്ടർ അതോറിറ്റിയിൽ 1,22,201/-രൂപ ക്രമീകരിക്കപ്പെടാത്ത ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരുപ്പുണ്ട് (B.18 Schedule: 460500201)

### 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2018-19 | 5,00,000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി(ജനറൽ) | 0 | 5,00,000 |
| 2 | --"-- | 2018-19 | 10,00,000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി(എസ്.സി) | 3,00,000 | 7,00,000 |
| 3 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം) | 2019-20 | 50,000 | ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്ഡിഡി | 50,000 | 0 |
| 4 | --"-- | 2019-20 | 1,73,600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,73,600 | 0 |
| 5 | --"-- | 2019-20 | 1,00,000 | ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്ഡിഡി | 1,00,000 | 0 |
| 4 | --"-- | 2019-20 | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 2,00,000 | 0 |

സംയുക്ത പ്രൊജക്ടുകളുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഹഡ്കോ ലോൺ (KURDFC) വഴി ലഭിച്ചത്) | ജി.ഒ (എം.എസ്) 68/2018/ത.സ്വ.ഭ.വ, തീയതി.18.5.2018 | 9046675 | 3393325 | 970588 | - | 11469412 |
| ഇ.എം.എസ് ഭവനവായ്പ. | ജി.ഒ (ആർ.ടി ) 315/2010/ത.സ്വ.ഭ.വ, തീയതി.28.01.2010 | - | 1581174 | 1078309 | - | 502865 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളൊന്നും ഇല്ല.

## 4-9 ചാർജ്-സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51291524 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48544199 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 46698 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 89000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 42698 | ഫിലിപ്പോസ് കെ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 4000 | ഡോ.ഷൈജു. പി., വെറ്ററിനറി സർജൻ |
| ആകെ | - | 46698 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 48,000 | ശ്രീ ഷാജു പോൾ,സെക്രട്ടറി |
| 1-21 | 41,000 | ശ്രീ ലിജോ അഗസ്റ്റിൻ,സെക്രട്ടറി |
| ആകെ | 89,000 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 5,028 | ശ്രീ ലിജോ അഗസ്റ്റിൻ,സെക്രട്ടറി |
| ആകെ | 5,028 | |

(ഡി). നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ലിജോ അഗസ്റ്റിൻ,സെക്രട്ടറി | സെക്രട്ടറി,<br>കാലടി ഗ്രാമപഞ്ചായത്ത് | ടെന്റ്, വി.കെ.സി (പി.ഒ.),<br>തേവയ്ക്കൽ, എറണാകുളം |
| ശ്രീ ഫിലിപ്പോസ് കെ.എം,<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | കയ്യാനിക്കപ്പറമ്പിൽ,<br>കറുകടംപി.ഒ, കോതമംഗലം |

| | | |
|---|---|---|
| ശ്രീ ഷാജു പോൾ,<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി,<br>പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് | കൊല്ലറയ്ക്കൽ വീട്,<br>പിണ്ടിമന പി.ഒ |
| ഡോ.ഷൈജു. പി.,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>കീരമ്പാറ ഗ്രാമപഞ്ചായത്ത് | അമ്പാടി ഹൌസ്,മേൽമുറി (പി.ഒ.)<br>പാലക്കാട്-679307 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-91,91-92,92-93 | എൽ.എഫ്.ഇ.പി1.253/95/തീയതി :13.10.1995 |
| 1996-97 | എൽ.എഫ്.ഇ.പി1.1196/1997തീയതി :06.07.1998 |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി1.1231/98തീയതി :12.05.1999 |
| 1997-98(വരവ്) | എൽ.എഫ്.ഇ.പി1.1651/99/തീയതി :05.07.2000 |
| 1998-99 മുതൽ<br>2001-02 വരെ | എൽ.എഫ്.ഇ.പി1.673/2004തീയതി : 08.04.2005 |
| 1999-2000 | എൽ.എഫ്.ഇ.പി.7. 09/2008 തീയതി : 09.02.2009 |
| 2001-02 | എൽ.എഫ്.ഇ.പി.7. 11/2008 തീയതി : 09.02.2009 |
| 2003-04 | എൽ.എഫ്.ഇ.പി.7. 13/2008 തീയതി : 09.02.2009 |
| 2004-05 | എൽ.എഫ്.ഇ.(പി7) 857/2010 തീയതി :04.06.2011 |
| 2005-06 | എൽ.എഫ്.ഇ.(പി7). 858/2010തീയതി :04.01.2011 |
| 2006-07 | എൽ.എഫ്.ഇ.(പി7). 191/12 തീയതി : 21.04.2012 |
| 2007-08 | എൽ.എഫ്.ഇ.(പി7). 192/12 തീയതി : 21.04.2012 |
| 2008-09 | എൽ.എഫ്.ഇ.(പി7). 193/12 തീയതി : 21.04.2012 |
| 2009-10 | എൽ.എഫ്.ഇ.(പി7). 194/12 തീയതി : 21.04.2012 |
| 2010-11, 11-12 | എൽ.എഫ്.ഇ.(പി7). 1698/13 തീയതി : 23.10.2013 |
| 2012-13, 13-14 | എൽ.എഫ്.ഇ.(പി7). 648/1 തീയതി : 08.06.15/ 22.07.15 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം. (പി 7)1320/2016 തീയതി 3.8.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം. (പി 14)177/2017തീയതി 06.02.17 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം.(പി 14)1415/2017 തീയതി 26.07.17/28.09.17 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം.(പി 14) 1415/2017 തീയതി 26.07.17/28.09.17 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം.(പി 14) 258/2020 തീയതി 18.03.2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്